# Malayala Manorama

# 17 August 2018

# Kochi : Flood Relief,Traffic Prohibited



## എംസി റോഡിലും പിപി റോഡിലും ഗതാഗതം നിരോധിച്ചു

**വല്ലം** പാലത്തിലും പാത്തിപ്പാലത്തിലും വെള്ളം കയറിയതിനാൽ എംസി റോഡിലും പിപി റോഡിലും ഗതാഗതം നിരോധിച്ചു.

കെഎസ്ആർടിസി ബസ് ഡിപ്പോ അടച്ചു. വെസ്റ്റ് വെങ്ങോല മങ്കുഴി മാലിൽ കുഞ്ഞപ്പന്റെ വാർക്ക വീട് കുമ്മാനിമോൾ മലയിടിഞ്ഞും തറഭാഗം ഭൂമിയിലേക്കു താഴ്ന്നുപോയും തകർന്നു. കുഞ്ഞപ്പനു പരുക്കില്ല. വട്ടോളിപ്പടിയിൽ പൊട്ടയ്ക്കൽ വർക്കി ഔസേഫിന്റെ വീടിന്റെ ചുമരിടിഞ്ഞു. പരുക്കില്ല. 48 ക്യാംപുകളിൽ 2474 കുടുംബങ്ങളിലെ 14070 പേർ. വേങ്ങൂർ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും ഒറ്റപ്പെട്ടു. കൂവപ്പടി ചേരാനല്ലൂർ, ഒക്കൽ വല്ലം പ്രദേശങ്ങളും ഒറ്റപ്പെട്ട നിലയിൽ. മിക്ക ഗ്രാമങ്ങൾക്കും പെരുമ്പാവൂർ ടൗണുമായി ബന്ധം മുറിഞ്ഞു. പച്ചക്കറിയും ഇറച്ചിയും കിട്ടാനില്ല, ഹോട്ടലുകൾ അടച്ചു.